# സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് ജില്ലാ സമിതി യോഗ നടപടിക്രമങ്ങൾ

(ഹാജർ : 1. ഷഫീക്ക് പി. എം., ജോയിന്റ് ഡയറക്ടർ
2. എ. വി. ഷാജി, അസിസ്റ്റന്റ് ഡയറക്ടർ
3. മിറ്റ്സി തോമസ്, ടൌൺ പ്ലാനർ
4. സുജ എ. എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)

സിറ്റിസൺ അസിസ്റ്റന്റ് അദാലത്തിന്റെ 06/07/2023 03.00 പി.എം. ന് ചേർന്ന ജില്ലാതല യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാതി വിഷയം**

1. തദ്ദേശ സ്വയംഭരണ വകുപ്പ് കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നിർമ്മാണ അപേക്ഷ നിരസിച്ചത് സംബന്ധിച്ച് ശ്രീ.ബോസ്കോ ലൂയിസ് തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയരക്ടർ മുമ്പാകെ സമർപ്പിച്ച പരാതി.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ഡയറക്ടർ മുനിസിപ്പാലിറ്റിയിലും പരാതിക്കാസ്പദമായ വസ്തുവിലും നേരിൽ പരിശോധന നടത്തി ജില്ലാ സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ് പരാതിക്കാരൻ ജില്ലാ സമിതി മുമ്പാകെ നേരിൽ ഹാജരായി വിഷയം അവതരിപ്പിച്ചിട്ടുള്ളതാണ്. കളമശ്ശേരി മുനിസിപ്പാലിറ്റിക്ക് വേണ്ടി അസിസ്റ്റന്റ് എൻജിനീയർ ശ്രീ. ലെനിൻ ഇ. ടി. നേരിൽ ഹാജരായി വിവരങ്ങൾ ബോധിപ്പിച്ചു.

അപകടാവസ്ഥയിലുള്ള വീട് പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പെർമിറ്റ് അപേക്ഷ പലവിധ കാരണങ്ങളാൽ നിഷേധിക്കുന്നതിനായും മറ്റ് പലർക്കും നിയമം ലംഘിച്ച് പെർമിറ്റ് കൊടുക്കുന്നതായും ആരോപിക്കുകയും കുറ്റക്കാരായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ പരാതിക്കാരൻ ആവശ്യപ്പെടുകയും ചെയ്തു.

പരാതിക്കാരന്റെ വസ്തുവിന്റെ ഒരു അതിർത്തി എൻ എ .ഡി ആയതിനാൽ എൻഎഡയിൽ നിന്നും എൻ.ഒ.സി ആവശ്യമാണ്. കൂടാതെ പ്രസ്തുത സ്ഥലം കൊച്ചി സ്ട്രക്ചറൽ പ്ലാൻ പ്രകാരം അഗ്രികൾച്ചറൽ സോണിൽപ്പെടുന്നതും, ഇവിടെ 50 % കവറേജിൽ അധികരിച്ച നിർമ്മാണത്തിന് അനുവാദം നൽകുവാൻ സാധിക്കാത്തതാണ്. മേൽ വിവരങ്ങൾ കാണിച്ച് പരാതിക്കാരന്റെ അപേക്ഷ നിരസിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

അപേക്ഷകന്റെയും മുനിസിപ്പാലിറ്റിയുടെയും ഭാഗങ്ങൾ കേട്ടതിൽ നിന്നും ജില്ലാതല സമിതി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു .

1. . അപേക്ഷകൻ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ 10/06/2021 ൽ ശ്രീ കെ.എ.ലൂയിസ്, കരുണ നിവാസ് എന്ന പേരിൽ 72/17 നമ്പർ സർവ്വെയിൽ പെട്ട 5 സെന്റ് വസതുവിൽ താമസകെട്ടിടം പണിയുന്നതിന് എൻഎഡി യിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുള്ളതാണെങ്കിലും നിലവിൽ ഈ വസ്തുവിന്റെ സർവ്വേ നമ്പറിൽ സബ്ഡിവിഷൻ കൂട്ടിച്ചേർത്ത് വന്നിട്ടുള്ളതും എൻ.ഒ.സി അനുവദിച്ച പ്ലാനിൽ നിന്നും വിത്യാസം വന്നിട്ടുള്ളതായും കാണുന്നു. ദേശ സുരക്ഷയുമായി ബന്ധപ്പെട്ട സ്ഥാപനമായതിനാൽ പിന്നീട് വന്നേക്കാവുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി മുൻ എൻഒസി ഉപയോഗിച്ച് കെട്ടിട നിർമ്മാണാനുമതി നൽകാനാവുമോ എന്നത് സംബന്ധിച്ച് എൻഎഡിയിൽ നിന്നും സ്പഷ്ടീകരണം വാങ്ങി തുടർ നടപടി സ്വീകരിക്കുന്നതിന് കളമശ്ശേരി നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു.

കൊച്ചി Structure plan പ്രകാരം അഗ്രികൾച്ചറൽ സോണിൽ പെടുന്ന വസ്തുവിൽ 50% കവറേജ് നിഷ്കർഷിച്ചിട്ടുള്ളതാണ്. അപേക്ഷകന്റെ വസ്തു Structure Plan ന് അനുസൃതമല്ലാത്തതിനാൽ മുനിസിപ്പൽ സെക്രട്ടറി അപേക്ഷ നിരസിച്ചിട്ടുള്ളതായി കാണുന്നു . അപേക്ഷയിൻമേൽ നഗരസഭാ സെക്രട്ടറി നിയമാനുസരണം തുടർ നടപടി സ്വീകരിച്ചിട്ടുള്ളതിനാലും കവറേജ് ഏരിയ കുറവ് ചെയ്ത് നൽകുന്നതിന് ജില്ലാ സിറ്റിസൺ അസിസ്റ്റന്റ് അദാലത്തിന് നിയമാനുസരണം സാധിക്കാത്തതിനാലും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പ്ലാൻ പുന:സമർപ്പിക്കുന്നതിന് അപേക്ഷകനോട് നിർദ്ദേശിക്കുന്നു.

3. കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ സോണുകൾ നോക്കാതെയും, അനധികൃതമായും കെട്ടിട നിർമ്മാണാനുമതികൾ നൽകുന്നതായ പരാതിക്കാരന്റെ ആക്ഷേപത്തിൽ 15 ദിവസത്തിനകം വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കളമശ്ശേരി നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.

ചെയർമാൻ

ഷഫീഖ് പി. എം. (ജോയിന്റ് ഡയറക്ടർ)

കൺവീനർ 19.07.23

എ.വി.ഷാജി (അസിസ്റ്റന്റ് ഡയറക്ടർ)

മെമ്പർ

മിറ്റ്സി തോമസ് (ടൌൺ പ്ലാനർ)

മെമ്പർ

സുജ എ. എം. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)

എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വേണ്ടി

OFFICE OF THE JOINT DIRECTOR, LSGD, ERNAKULAM
CIVIL STATION
KAKKANAD